# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2349
# 12-06-2018-ലെ മറുപടിക്ക്

## ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്

**2349.** ശ്രീ.അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

| ചോദ്യം<br>**ശ്രീ.അനൂപ് ജേക്കബ്** | ഉത്തരം<br>**ഡോ.റ്റി.എം.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പമന്ത്രി)** |
|---|---|
| (എ) എറണാകുളം ജില്ലയിൽ ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിനായി സ്ഥലമേറ്റെടുക്കുന്നതിനായുള്ള ഫണ്ട് ജില്ലാ കളക്ടർക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് ധനകാര്യ എക്സ്പെൻഡിച്ചർ എ - വകുപ്പിലാരംഭിച്ച ഫയൽ നടപടി ഏതു ഘട്ടത്തിലാണെന്നറിയിയ്ക്കുമോ; | ഇതു സംബന്ധിച്ച് എക്സ്പെൻഡിച്ചർ (എ) വകുപ്പിൽ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ "ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, ആമ്പല്ലൂർ" പദ്ധതി നിർവ്വഹണം സംബന്ധിച്ച ഭരണവകുപ്പ ശുപാർശ ധനകാര്യ (പി.യു.ഡി) വകുപ്പ് PU-D2/124/2015/FIN നമ്പർ ഫയലിൽ പരിശോധിക്കുകയും 17.04.2017 ലെ G.O.(Rt) No.627/2017/ID നമ്പർ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന് പദ്ധതി നിർവ്വഹണത്തിനായി 90 കോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 01.06.2017 -ലെ G.O.(Rt) No.4569/2017/Fin പ്രകാരം 90 കോടി രൂപ 4885-01-200-95 (PV) ശീർഷകത്തിൽ അധികധനാനുമതിയിലൂടെ വകയിരുത്തുകയും ടി തുക റിലീസ് ചെയ്യുന്നതിന് വ്യവസായ വകുപ്പിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വ്യവസായ വകുപ്പ് 28.06.2017-ലെ G.O.(MS) No.55/2017/ID പ്രകാരം പ്രസ്തുത തുക KSIDC യ്ക്ക് റിലീസ് ചെയ്യുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഫണ്ട് എത്രയും വേഗം ജില്ലാ കളക്ടർക്ക് ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | 28.06.2017-ലെ ഭരണവകുപ്പിന്റെ G.O.(MS) No.55/2017/ID ഉത്തരവു പ്രകാരം ആവശ്യമായ തുക അനുവദിച്ച നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ